# “അത്തം പതിനൊന്നിന് പൊന്നോണം” !

ബാബു പാലത്തും പാട്ട്

**കുറിപ്പ് :-**

തൃക്കേട്ട നക്ഷത്രം രണ്ടു ദിവസം (സെപ്തംബർ 10, 11) വരുന്നതിനാൽ 2016 ൽ അത്തം പതിനൊന്നിനാണ് തിരുവോണം

******* *********

“അത്തം പത്തിന് പൊന്നോണം” , “കാണം വിറ്റും ഓണം ഉണ്ണണം“ എന്നൊക്കെയുള്ള പഴം ചൊല്ലുകൾ ചെറുപ്പകാലം മുതൽ ഞാൻ കേട്ടിട്ടുള്ളതാണ്
എന്റെ തലമുറയ്ക്കും അതൊക്കെ മനഃപ്പാഠമാണ്
കാണം എന്തെന്നും ഓണം എന്തെന്നും ഞങ്ങൾക്കറിയാം.
ഞങ്ങൾ......

മാവേലിയെ കണ്ടിട്ടില്ല.
മാവേലിയെ കേട്ടിട്ടുണ്ട്.
മാവേൽ കയറിയിട്ടുണ്ട്.
മാവേൽ എറിഞ്ഞിട്ടുണ്ട്.

ഞങ്ങളിൽ മിക്കവരും ജീവിതം എറിഞ്ഞു നേടി
ഞങ്ങളിൽ പലരും ജീവിതത്തിൽ എരിഞ്ഞ് ഓടി.
എറിഞ്ഞും എരിഞ്ഞും ഞങ്ങളിൽ മിക്കവരുടെയും ജീവിതം തീരാറായി.

ഞങ്ങളിൽ ഏറെപ്പേർ വിദേശ മലയാളികൾ.

നാട് കാണാൻ മാവേലി വരുമ്പോൾ നാട് കാണാനെത്തുന്ന വിദേശ മലയാളി
മാവേലി മന്നനെ കാണാൻ കൊതിച്ചെത്തുന്ന “വിദേശ മലയാളി മന്നൻ“.
മാവേലി മന്നനും ഒരു വിദേശ മലയാളി മന്നൻ അല്ലേയെന്ന ചോദ്യം മനസ്സിൽ.
മഹാനായ മാവേലിയെ ഭഗവാൻ ചതിച്ചതെന്തിനെന്ന സംശയം ബാക്കി.

വിദേശ മലയാളികളിലേറെയും സ്വദേശത്ത് വാസം യോഗ്യമല്ലാത്തതിനാൽ ദേശം വിട്ടവർ.
മാവും പ്ലാവും തെങ്ങും കമുകും നട്ടുവളർത്തിയിരുന്ന മാതാപിതാക്കളുണ്ടായിരുന്നവർ.
കപ്പയും കാച്ചിലും ചേനയും ചേമ്പും കൃഷി ചെയ്തിരുന്ന മാതാപിതാക്കൾ.
ഊഞ്ഞാലാട്ടവും അടിച്ചേച്ചോട്ടവും പറഞ്ഞു തന്നിരുന്നവർ.
മാവിലും പ്ലാവിലും തെങ്ങിലും കമുകിലും കയറിയിരുന്ന ഞങ്ങൾ.
ഓന്തും ഓലയും ഓലപ്പന്തും ഓലേഞ്ഞാലിക്കിളികളും കൂട്ടുകാരായി ഉണ്ടായിരുന്ന ഞങ്ങൾ.
ആടാൻ ഊഞ്ഞാലും പിടിക്കാൻ ഞാഞ്ഞൂലും ഉണ്ടായിരുന്ന ഞങ്ങൾ.
ഓണസദ്യയുണ്ണാൻ പാളയംകോടൻ വാഴയില ഉണ്ടായിരുന്ന ഞങ്ങൾ.

ഇവയൊന്നും ഇല്ലാത്തിടത്ത് ജനിച്ച ഞങ്ങളുടെ മക്കൾ.
കപ്പൽ കണ്ടിട്ടുള്ളവർ .
കലപ്പ കണ്ടിട്ടില്ലാത്തവർ.
കമുകിൽ കയറിയിട്ടില്ലാത്തവർ.
വാഴക്കൂമ്പ് ഒടിച്ചിട്ടില്ലാത്തവർ.
വാഴത്തേൻ കുടിച്ചിട്ടില്ലാത്തവർ
വാൽ മാക്രിയെ പിടിച്ചിട്ടില്ലാത്തവർ.
ഞാഞ്ഞൂലിനും ഊഞ്ഞാലിനും വേണ്ടി കലമ്പിയിട്ടില്ലാത്തവർ.

എന്നിട്ടും........

ഞങ്ങളുടെ മക്കൾ ഓണം ആഘോഷിക്കുന്നു.
അതിനായി 7 യൂറോ ടിക്കറ്റെടുക്കുന്നു.
ഞങ്ങൾക്ക് ടിക്കറ്റ് ചാർജ്ജ് 10 യൂറോ.
”കലാപ” രിപാടികൾക്കിടയിൽ കടലാസ്സ് പിഞ്ഞാണത്തിൽ സദ്യ.
ഞങ്ങളുടെ കൈയ്യിൽ വളയുന്ന വറുത്ത പപ്പടം.
സാമ്പാറും പരിപ്പും പുളിശ്ശേരിയും ഞങ്ങൾ ചേർത്തിളക്കുന്നു.
ഒന്നും തിരിച്ചറിയാതെ ......
സാമ്പാർ എന്താണെന്നറിയാതെ......
പുളിശ്ശേരി എന്താണെന്നറിയാതെ.......
പുളിശ്ശേരിയുടെ “ള”, “ത” ആകുമ്പോഴുള്ള “പത” മാറ്റം തിരിച്ചറിയാതെ...
ഞങ്ങളും ഞങ്ങളുടെ മക്കളും ഓണസദ്യയുണ്ണുന്നു.
അത്തം പത്താണോ, പതിനൊന്നാണോ അതോ പതിനെട്ടാണോ എന്ന് നോക്കാതെ ......
ഞങ്ങൾ ഭാര(പാര)വാഹികൾക്കൊപ്പം മലയാളിയുടെ ഇല്ലാതായ നല്ല നാളുകളുടെ സ്മരണ പുതുക്കുന്നു.

“അത്തം പത്തിന് പൊന്നോണം”, “കാണം വിറ്റും ഓണം ഉണ്ണണം“ എന്നൊക്കെ കേട്ടിട്ടില്ലാത്ത.....
കാണം എന്തെന്നും ഓണം എന്തെന്നും അറിയാത്ത......
മാവ് എന്തെന്നും മാവേലി എന്തെന്നും അറിയാത്ത......
ഞങ്ങളുടെ മക്കളോടൊപ്പം.......
ഞങ്ങളും ഓണം ആഘോഷിക്കുന്നു.

ഞങ്ങളുടെ മക്കളോട് പുളിശ്ശേരിയുടെ ഗുണങ്ങൾ പറഞ്ഞു മനസ്സിലാക്കാനാവാതെ.....
മാവേലിമന്നന് കുടവയർ ഉണ്ടായിരുന്നോ ഇല്ലായിരുന്നോ എന്ന് പറഞ്ഞു മനസ്സിലാക്കാനാവാതെ......
കുടവയർ കാട്ടി സ്റ്റേജിലെത്തുന്ന മാവേലി വേഷത്തോടൊപ്പം ഞങ്ങൾ സെൽഫി എടുക്കുന്നു.
കുടവയറൻ “മാവേലി അങ്കിൾ“ നൊപ്പം ഞങ്ങളുടെ മക്കളും സെൽഫി എടുക്കുന്നു.

ജന്മനാട്ടിലെ മാളിക മുറ്റത്ത് ഞങ്ങൾ ചെത്തിയും ചെമ്പരത്തിയും വേണ്ടെന്നു വെയ്ക്കുന്നു.
വീടിനുള്ളിൽ ഞങ്ങൾ സ്റ്റീൽ തുടലിൽ ഊഞ്ഞാൽ പണിയുന്നു.
മുറ്റത്തെ മാവിൻ കൊമ്പിലിട്ട ഊഞ്ഞാലിൽ ഇരുന്നാടുമ്പോഴുള്ള സുഖം ഞങ്ങൾ ഓർക്കുന്നില്ല.
ഞങ്ങൾ-....
ഓണത്തുമ്പികളെ കാണുന്നില്ല.
ഓണപൂക്കളം തീർക്കുന്നില്ല.
ഓണപ്പന്ത് കളിക്കുന്നില്ല.
ഓണപ്പാട്ടുകൾ പാടുന്നില്ല.
ഞങ്ങൾ തലസ്ഥാന നഗരിയിൽ പോയി ഓണാഘോഷം കാണുന്നു.
ഓടുന്ന കാറിലിരുന്ന് നേടുന്ന നടുവേദന ഞങ്ങൾ കാര്യമാക്കുന്നില്ല .
ഞങ്ങൾ.........
ഉച്ച ഭാഷിണികളുടെ ഓണപ്പാട്ടും കുരവയും കേൾക്കുന്നു.
മോട്ടോർ സൈക്കിളിൽ വരുന്ന മാവേലിയെ നോക്കുന്നു.
ബാങ്ക് സ്പോൺസേർഡ് പൂക്കളമത്സരം കാണുന്നു.
സ്റ്റാർ പദവിയുള്ള ഹോട്ടലിൽ (ഓണ)സദ്യ ഉണ്ണുന്നു.

എല്ലാം (ആ)ഘോഷിച്ചിട്ട് ഞങ്ങൾ മടങ്ങുന്നു ............
മടക്കയാത്രയിൽ ഞങ്ങൾ ഓർക്കുന്നു .........
പുളിശ്ശേരിയിലെ “ള” മാറി “ ത” ആയാലും......
ത യ്ക്ക് “ഇ” കാരമായാലും “ഉ” കാരമായാലും.......
വറുത്ത പപ്പടം വളഞ്ഞാലും .....
അത്തം പത്തിനായാലും പതിനൊന്നിനായാലും
പതിനെട്ടിനായാലും സാരമില്ല



മാവേലി അങ്കിളും ഞങ്ങളുടെ സെൽഫിയും
ഞങ്ങൾക്ക് ആശ്വാസം
**“തമ്മിൽ ഭേദം തൊമ്മൻ”**

**എല്ലാവർക്കും ഓണാശംസകൾ!**

(*Babu Palathumpatt*)